(ബി) നിർമ്മാണ ചെലവ് 8% വരെ കോൺക്രീറ്റിനെ അപേക്ഷിച്ച് കൂടുതലാണെങ്കിലും അറ്റകുറ്റപ്പണികൾ തുലോം കുറവാണ്. നിർമ്മാണ കാലാവധി ഏകദേശം പകുതിയായി കുറയ്ക്കാവുന്നതുമാണ്. ഗുണനിലവാരം വളരെ മെച്ചമാണ്. കോൺക്രീറ്റിന് ഉപയോഗിക്കുന്ന ചല്ലി, മണൽ എന്നീ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പ്രശ്നമാകുന്നില്ല.

## കൊടുവള്ളിയിലെ റസ്റ്റ് ഹൗസ് നിർമ്മാണം

303 (3169) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളിയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ & ബി) കൊടുവള്ളിയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് 92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി രണ്ട് പ്രാവശ്യം സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നിന്നും ടെണ്ടർ ചെയ്തെങ്കിലും ആരും ടെണ്ടർ എടുത്തിട്ടില്ല. ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

304 (3170) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്നതും പ്രവർത്തനം നടന്നുവരുന്നതുമായ റോഡ്, പാലം, കെട്ടിടം പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ലഭിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(ഡി) ഭരണാനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2014-15 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വിശദമാക്കുമോ ?

**ഉത്തരം**

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ദേശീയപാത വിഭാഗം കോഴിക്കോടിന്റെ കീഴിലുള്ള എൻ.എച്ച്. 17-ൽ കി.മീ. 215/000 മുതൽ കി.മീ. 231/000 വരെയുള്ള ഉപരിതലം മെച്ചപ്പെടുത്താൻ (ഐ.ആർ.ക്യു.പി.) പ്രവൃത്തി നടന്നുവരികയാണ്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിലുള്ള അണേലക്കടവ്-ബപ്പങ്ങാട് റോഡ് പരിഷ്കരണ പ്രവൃത്തി കി.മീ. 0/000 മുതൽ 3/600 വരെയാണ്. കെട്ടിടം വിഭാഗത്തിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കോർട്ട് കോംപ്ലക്സ് കെട്ടിടത്തിന്റെ പ്രവർത്തനം നടന്നുവരുന്നു.

(ബി) കെട്ടിട വിഭാഗത്തിന് കീഴിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കൊയിലാണ്ടി കോടതിയുടെ ഇരുന്നൂറാം വർഷത്തോട് അനുബന്ധിച്ച് പണിയുന്ന കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന് പഴയ കെട്ടിടം പൊളിച്ചുമാറ്റാത്തതിനാൽ പണി തുടങ്ങാൻ സാധിച്ചിട്ടില്ല. അതിനുവേണ്ടിയുള്ള നടപടിക്രമം നടന്നുവരുന്നു.

2. കൊയിലാണ്ടി ബോയ്സ് സ്കൂൾ കൃഷ്ണയ്യർ ബ്ലോക്ക് കെട്ടിട നിർമ്മാണത്തിന് ആദ്യതവണ ടെണ്ടർ ചെയ്തിട്ട് പ്രതികരണമില്ലാത്തതിനാൽ 22-1-2013-ൽ രണ്ടാം തവണ ടെണ്ടർ ചെയ്തിരിക്കുകയാണ്.

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ

1. ഉള്ളൂർക്കടവ് പാലം
2. അഴീക്കൽക്കടവ് പാലം.

1. ഉള്ളൂർക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ കൊയിലാണ്ടി ഭാഗത്ത് അന്തിമഘട്ടത്തിലാണ്. ഉള്ള്യേരി ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

2. അഴീക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

കെട്ടിടം വിഭാഗത്തിൽ ജി.വി.എച്ച്.എസ്. പയ്യോളിയുടെ കെട്ടിട നിർമ്മാണം.

(ഡി) ദേശീയപാതാ വിഭാഗം എൻ.എച്ച്-17-ലെ മൂരാട് പാലത്തിന് ഇരുവശത്തും ബസ് ബേ നിർമ്മിക്കാൻ 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. കെട്ടിട വിഭാഗത്തിന് കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു :

1. മാപ്പിള സ്കൂൾ കൊയിലാണ്ടിയുടെ പുതിയ കെട്ടിടം - 100 ലക്ഷം
2. ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് - 7 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

3. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., കൊയിലാണ്ടി പുതിയ കെട്ടിടം - 100 ലക്ഷം

4. ആയുർവേദ ഡിസ്പെൻസറി മുചുകുന്ന് - 25 ലക്ഷം

5. ജി.വി.എച്ച്.എസ്.എസ്. (ബോയ്സ്) കൊയിലാണ്ടിയിലെ കെട്ടിട നിർമ്മാണം - 580 ലക്ഷം. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) 2014-15 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ എസ്റ്റിമേറ്റ് തുക സഹിതം താഴെ ചേർത്തിരിക്കുന്നു :

1. കൊല്ലം-മുചുകുന്ന്-അകലാപുഴ-തിക്കോടി-ബീച്ച് റോഡ് കി.മീ. 0/000 മുതൽ 5/500 വരെ (ഒന്നാം ഘട്ടം) - 525.00 ലക്ഷം
2. കൊല്ലം-മുചുകുന്ന്-അകലാപുഴ-തിക്കോടി-ബീച്ച് റോഡ് കി.മീ. 5/500 മുതൽ 11/750 വരെ (രണ്ടാം ഘട്ടം) - 700.00 ലക്ഷം
3. കാപ്പാട്-തുഷാരഗിരി-അടിവാരം റോഡ് നവീകരണം 0/000 മുതൽ 3/750 വരെ - 510.00 ലക്ഷം
4. പയ്യോളി-പേരാമ്പ്ര റോഡ് നവീകരണം 0/000 മുതൽ 10/000 വരെ- 1300.00 ലക്ഷം
5. വൻമുഖം-കീഴൂർ റോഡ് 0/000 മുതൽ 5/900 വരെ - 200.00 ലക്ഷം
6. പൂക്കാട്-തോരായിക്കടവ് റോഡ് 0/000 മുതൽ 3/500 വരെ - 150.00 ലക്ഷം
7. ചെങ്ങോട്ട്കാവ്-ഉള്ളൂർകടവ് റോഡ് 0/000 മുതൽ 3/000 വരെ - 100.00 ലക്ഷം
8. നടേരിക്കടവ് പാലം - 100.00 ലക്ഷം
9. അഴീക്കലെക്കടവ് പാലം - 2500.00 ലക്ഷം
10. അകലാപുഴ പാലം - 3000.00 ലക്ഷം.

<u>കെട്ടിടം വിഭാഗത്തിൽ</u>

1. പൊതുമരാമത്ത് ഓഫീസ് കെട്ടിടത്തിന്റെ പുതിയ ബ്ലോക്ക് - 100 ലക്ഷം
2. പൊതുമരാമത്ത് ക്വാർട്ടേഴ്സ് കെട്ടിടം, കൊയിലാണ്ടി - 50 ലക്ഷം
3. പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിനായുള്ള കെട്ടിടം, പയ്യോളി - 200 ലക്ഷം
4. മാപ്പിള വി.എച്ച്.എസ്. കെട്ടിടം, കൊയിലാണ്ടി - 350 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly